ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തീർപ്പാക്കുന്നതിന് ശരാശരി ഒന്നു മുതൽ 8 വർഷം വരെ സമയം എടുക്കുന്നുണ്ട്. തുടർന്ന് സുപ്രീം കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തീർപ്പുകൾ കൽപ്പിക്കുന്നതിന് ഒന്നു മുതൽ അഞ്ചു വർഷം വരെ ശരാശരി സമയം എടുക്കുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കരുതൽ 2015 പദ്ധതി

66 (37) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുതൽ 2015-ന്റെ ഭാഗമായി കൊല്ലത്തിന് വേണ്ടി പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദമാക്കുമോ;

(ബി) കോടതി സമുച്ചയത്തിന് സ്ഥലം കണ്ടെത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പുള്ളിക്കട കോളനിക്ക് റെയിൽവേയിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) കയർ-മത്സ്യമേഖലയ്ക്ക് പ്രഖ്യാപിച്ച പ്രത്യേക പദ്ധതി എന്തെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച 10 പദ്ധതികളിലും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യത്തിൽ കോടതിയിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ ലാന്റ് വാല്യൂ സംബന്ധിച്ച വിശദമായ റിപ്പോർട്ട് റെയിൽവേ ഡിവിഷണൽ മാനേജർക്ക് നൽകിയിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല.

(ഡി) കയർ-മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പ്രത്യേക പദ്ധതികളായ തൊണ്ട് സംഭരണത്തിനും ചകിരി ഉല്പാദനത്തിനും കൊല്ലം കയർ പ്രോജക്ട് ഓഫീസിന്റെ പരിധിയിലുള്ള അഞ്ച് സംഘങ്ങൾക്ക് മിനി

LIBRARY ARCHIVES Kerala Legislative Assembly

ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിക്കുവാനുള്ള ധനസഹായം നൽകിയിട്ടുണ്ട്. എ.എസ്.എം. ഇലക്ട്രോണിക് റാട്ടുകൾ, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങൾക്ക് സൗജന്യമായി അനുവദിക്കാനും പദ്ധതിക്കുവേണ്ടി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മന്ത്രിമാർക്കും ചീഫ് വിപ്പിനുമായി 2015-16 വർഷത്തിൽ ചെലവഴിച്ച തുക

67 (38) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർക്കായി ടി.എ., ഡി.എ, ശമ്പളം എന്നീ ഇനത്തിലും മൊബൈൽ ഫോൺ ചാർജ്ജ്, ഓഫീസ്/ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലഫോൺ ചാർജ്ജിനത്തിലും എത്ര തുക വീതം ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഇവരുടെ ഓരോരുത്തരുടേയും ഔദ്യോഗിക വസതികളിൽ എത്ര തവണ വീതം അറ്റകുറ്റപ്പണിയും മോടിപിടിപ്പിക്കലും നടത്തിയിട്ടുണ്ട്; ഇതിനായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; ഔദ്യോഗിക വസതിയ്ക്കായി സർക്കാർ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ നടത്തിയ വർക്കുകളുടേയും വാങ്ങിയ സാധനങ്ങളുടേയും ചെലവ് എത്ര വീതം; വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർക്കായി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; ഏതെല്ലാം ഇനത്തിൽപ്പെട്ട വാഹനങ്ങളാണ് വാങ്ങിയത്; ഇതിനായി എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ; പ്രസ്തുത വാഹനങ്ങൾ ഓരോന്നും ഇപ്പോൾ ആരെല്ലാമാണ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും മന്ത്രിയും മന്ത്രി ഓഫീസും അവരുടെ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വാഹനം ഉപയോഗിച്ചു വരുന്നുണ്ടോ; ഇത് നിലവിലുള്ള നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണോ; വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) മേൽപ്പറഞ്ഞ ഓരോ ഇനത്തിലുമായി 2015-16 സാമ്പത്തിക വർഷം ഇതുവരെ എത്ര തുക സർക്കാരിന് ചെലവായി എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly